2023
JUNE
01
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

WAYA BEAN WAYANADAN PRODUCTS
വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## വിദ്യാലയങ്ങൾ ഇന്ന് തുറക്കും



**തിരുവനന്തപുരം:** സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് തുറക്കുന്നു. ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലായി 42 ലക്ഷത്തോളം കുട്ടികളാണ് അറിവിന്റെ വെളിച്ചം തേടി ഇന്ന് വിദ്യാലയങ്ങളുടെ പടികടന്നെത്തുന്നത്.. നാലുലക്ഷത്തിലധികം കുട്ടികൾ ഒന്നാം ക്ലാസിൽ പ്രവേശനം നെടുമെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്താകെ 15,452 വിദ്യാലയങ്ങളാണുള്ളത്. ഇതിൽ 13,964 എണ്ണവും സർക്കാർ എയ്ഡഡ് മേഖലയിലാണ്.സംസ്ഥാന തല സ്കൂൾ പ്രവേശനോത്സവം ഇന്ന് രാവിലെ പത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം, മലയിൻകീഴ് ജി എൽ പി ബി സ്കൂളിൽ നിർവഹിക്കും. നവാഗതർക്ക് മുഖ്യമന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്യുകയും സ്കൂളിലെ പുതിയ മന്ദിരം നാടിന് സമർപ്പിക്കുകയും ചെയ്യും. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ 2023 24 അദ്ധ്യയന വർഷത്തെ കലണ്ടർ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പ്രകാശനം ചെയ്യും. മധുരം മലയാളം, ഗണിതം രസം കുട്ടിക്കൂട്ടം കൈപ്പുസ്തക പ്രകാശനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ നിർവഹിക്കും. ഹലോ ഇംഗ്ലീഷ് കിഡ്സ് ലൈബ്രറി ബുക് സീരീസ് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രകാശനം ചെയ്യും. മന്ത്രി വി ശിവൻ കുട്ടിയുടെ നേതൃത്വത്തിൽ സ്കൂളിലെത്തുന്ന വിദ്യാർത്ഥികളെ സ്വീകരിക്കും. തുടർന്ന് പ്രവേശനോത്സവ ഗാനത്തിന്റെ ദൃശ്യാവിഷ്ക്കാരത്തിന് ശേ ഷമായിരിക്കും ചടങ്ങുകൾ ആരംഭിക്കുന്നത്. ഇതിന് പുറമെ സ്കൂൾ തലത്തിലും ജില്ലാ തലത്തിലും പ്രത്യേകം പ്രവേശനോത്സവങ്ങൾ സംസ്ഥാന വ്യാപകമായി നടക്കും.

## വൈദ്യുതി ചാർജ്ജ് വർധന

# യൂണിറ്റിന് 19 പൈസ കൂടും

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നു മുതൽ വൈദ്യുതി ചാർജ് വർധിക്കും.ഒരു യൂണിറ്റ് വൈദ്യുതിക്ക് സർ ചാർജ് അടക്കം 19 പൈസയാണ് കൂടുന്നത്കഴിഞ്ഞ ദിവസം വരെ യൂണിറ്റിന് 9 പൈസയായിരുന്നു സർചാർജ്. നിലവിൽ രണ്ടു തരം സർചാർജ് ആണുള്ളത്. 3 മാസം കൂടുമ്പോൾ കണക്കുകൾ റഗുലേറ്ററി കമ്മിഷൻ പരിശോധിച്ച് അനുവദിക്കുന്നതാണ് ആദ്യത്തേത്. പുതിയ ചട്ടങ്ങൾ അനുസരിച്ചു ബോർഡിനു സ്വയം പിരിച്ചെടുക്കാവുന്നതാണു രണ്ടാമത്തെ സർചാർജ്.ആദ്യത്തെ രീതിയിലുള്ള സർ ചാർജ് 9 പൈസ ആണ് ഇന്നലെ വരെ പിരിച്ചിരുന്നത്.പുതിയ നിയമ പ്രകാരം അതത് മാസത്തെ നഷ്ടം നികത്താൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ തന്നെ യൂണിറ്റിന് പത്തു പൈസ വരെ ചാർജ്ജ് ഈടാക്കാം ഇതു കൂടി ചേർത്താണ് 19 പൈസ അധികം പിരിക്കുന്നത്.ജൂലൈ മുതൽ വൈദ്യുതി നിരക്ക് കൂട്ടിയുള്ള റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ഈ മാസം വന്നേക്കുമെന്നാണ് അറിയുന്നത്.കഴിഞ്ഞ ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ വൈദ്യുതി വാങ്ങിയതിന് അധികം വന്ന ചെലവ് ആയി 30 പൈസയും ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെ 14 പൈസയും വേണമെന്നാണു ബോർഡ് ആവശ്യപ്പെട്ടിരുന്നത്. പരിശോധനയിൽ 285.04 കോടി രൂപ പിരിക്കാനുള്ളതായി റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയിരുന്നു. വൈദ്യുതി സർ ചാർജ്ജ് ഇപ്പോൾ ഈടാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചതായി നേരത്തെ റിപോർട്ടുകളുണ്ടായിരുന്നു.ഇതിനിടയിലാണ് സർചാർജ്ജ് ഈടാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. പുതിയ നിയമം ജനവിരുദ്ധമായി ഉപയോഗിക്കരുതെന്ന് കഴിഞ്ഞ ദിവസം വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി നിർദ്ദേശം നൽകിയിരുന്നു. അതേ സമയം പുതിയ ഉത്തരവ് ജനങ്ങൾക്ക് കനത്ത ആഘാതമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.സകല മേഖലയിലുമുണ്ടായിരിക്കുന്ന വിലക്കയറ്റം മൂലം ജനങ്ങൾ പൊറുതിമുട്ടിയ നിലയിലാണ്. നിത്യോപയോഗ സാധനങ്ങളുടെയടക്കം വില കുതിച്ചുയരുന്നതിനെ തുടർന്ന് സാധാരണക്കാരായ ജനങ്ങളുടെ കുടുംബ ബജറ്റ് ആകെ തകിടം മറഞ്ഞിരിക്കുകയാണ്. ഇതിനു പുറമേയാണ് ഇപ്പോൾ വീണ്ടും ഇരുട്ടടി സമ്മാനിച്ചുകൊണ്ട് വൈദ്യുതി ചാർജ്ജ് വർധനയും ഉണ്ടാകുന്നത്.



## ഫീവർ ക്ലിനിക്കുകൾ ആരംഭിക്കും

**തിരുവനന്തപുരം:** മഴക്കാലം മുന്നിൽ കണ്ട് സംസ്ഥാനത്ത് ജൂൺ 2 മുതൽ പ്രത്യേകമായി ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. താലൂക്ക് ആശുപത്രികൾ മുതലായിരിക്കും ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുക. ഇതുകൂടാതെ ഫീവർ വാർഡുകളും ആരംഭിക്കും. ജൂൺ 1, 2 തീയതികളിൽ മരുന്നുകളുടെ സ്റ്റോക്ക് പരിശോധിക്കും. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഇവ ഉറപ്പ് വരുത്തണം. പനി ബാധിച്ചാൽ സ്വയം ചികിത്സ പാടില്ല. ഏത് പനിയും പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ ഡോക്ടറുടെ സേവനം തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു. സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധം നേരത്തെതന്നെ ശക്തമാക്കുന്നതിന് വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.





# തകർന്ന തീരദേശ റോഡ് നന്നാക്കാൻ അനുമതി

**കൊല്ലം:** മുണ്ടയ്ക്കൽ വില്ലേജിലെ കടലാക്രമണത്തിൽ തകർന്ന തീരദേശ റോഡിൻറെ പ്രവൃത്തി ചെയ്യുന്നതിനായി കൊല്ലം ഇറിഗേഷൻ, എക്സിക്യൂട്ടീവ് എൻജിനീയറെ ദുരന്ത നിവാരണ നിയമപ്രകാരം ചുമതലപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവ് നൽകി.

കടൽ ക്ഷോഭത്തിൻറെ ആഘാതം നേരിട്ട കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റുവാൻ ശ്രമിച്ചെങ്കിലും കുടുംബങ്ങൾ വിസമ്മതിച്ചു. പുനർഗേഹം പദ്ധതിയിലുള്ള വീടുകളിൽ മത്സ്യ തൊഴിലാളികളുടെ ആവശ്യം അനുഭാവപൂർവം പരിഗണിക്കുന്നതിന് കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഡയറക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.കടലാക്രമണത്തിൽ മറിഞ്ഞു വീണ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചു വൈദ്യുതി പുന:സ്ഥാപിച്ചു.

കേരളാ ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകകളിൽ താത്ക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും പ്രദേശത്ത് ജലവിതരണത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.പ്രദേശത്തെ ദുരന്ത സാഹചര്യങ്ങൾ വിലയിരുത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കൊല്ലം തഹസിൽദാരെ ജില്ലാ കലക്ടർ ചുമതലപ്പെടുത്തി.

# സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നു

**ആലുവ:** വഴിതെറ്റിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് വിദ്യാർഥികളെ സംരക്ഷിക്കാനായി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പുനർജീവിപ്പിക്കാനൊരുങ്ങി ജില്ലാ റൂറൽ പോലീസ്. വിദ്യാർഥികൾ ചൂഷണത്തിന് ഇരയാകുന്നത് തടയുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് ഇല്ലാതാക്കുക തുടങ്ങി വിവിധ ലക്ഷ്യങ്ങളോടെ 2011ൽ സംസ്ഥാന സർക്കാർ ആരംഭിച്ച എസ്പിജി ഗ്രൂപ്പുകളാണ് 12 വർഷങ്ങൾക്ക് ശേഷം ജില്ലയിൽ പുനസംഘടിപ്പിക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപന തലവൻ അല്ലെങ്കിൽ പിടിഎ പ്രസിഡൻറ് ചെയർമാനും പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ കൺവീനറുമായാണ് എസ്പിജി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്. പ്രാദേശിക ജനപ്രതിനിധി, സ്കൂൾ ലീഡർ, മാതാപിതാക്കൾ, രണ്ട് അധ്യാപകർ, വ്യാപാരി, ഓട്ടോ ഡ്രൈവർ, ജാഗ്രതാ സമിതിയുടെയോ എസ്പിസിയുടെയോ പ്രതിനിധി, പ്രദേശത്തെ പ്രമുഖർ എന്നിവർ അംഗങ്ങളായിരിക്കും.

സ്കൂൾ പരിസരത്ത് ഗതാഗത സുരക്ഷയൊരുക്കുക, മയക്കുമരുന്ന് പദാർഥങ്ങൾ, അശ്ലീല പ്രസിദ്ധീകരണങ്ങൾ, പുകയില ഉത്പന്നങ്ങൾ, ലഹരി പാനീയങ്ങൾ, പാൻ മസാല തുടങ്ങിയവയുടെ വില്പന, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുക എന്നിവയാണ് പ്രധാന ചുമതലകൾ.

സ്കൂൾ സമയം അവസാനിക്കുന്നതിന് മുമ്പ് സ്കൂളിൽ നിന്ന് പോകുന്ന വിദ്യാർഥികളെക്കുറിച്ചും ക്ലാസുകൾ അവസാനിച്ച ശേഷം വീടുകളിൽ പോകാതെ നടക്കുന്ന വിദ്യാർഥികളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുക, ചൂഷണം ലക്ഷ്യമാക്കി കുട്ടികളുമായി ചങ്ങാത്തം കൂടുന്നവരെ നിരീക്ഷിക്കുക, അവരെ നിയമവിരുദ്ധമോ അധാർമികമോ ആയ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്നും നിരീക്ഷിച്ച് അധികാരികളെ അറിയിക്കുക, സ്കൂൾ പ്രവർത്തിക്കാത്ത സമയത്ത് സ്കൂൾ പരിസരത്തുള്ള അപരിചിതരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക തുടങ്ങിയവയാണ് എസ്പിജി ഗ്രൂപ്പിൻറെ മറ്റു പ്രവർത്തനങ്ങൾ.

മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ പരിശോധന റൂറൽ ജില്ലയിൽ പോലീസ് പൂർത്തിയാക്കി. വിദ്യാർഥികളെ കൂട്ടമായി കൊണ്ടുവരുന്ന മറ്റ് വാഹനങ്ങളുടെ പരിശോധന ഉടൻ ആരംഭിക്കുമെന്ന് എസ്പി വിവേക് കുമാർ പറഞ്ഞു. ഡ്രൈവർമാരുടെ വിവരങ്ങൾ സ്റ്റേഷനിൽ സൂക്ഷിക്കുമെന്നും റൂറൽ പോലീസ് അറിയിച്ചു.



# അത്ഭുത കാഴ്ചകളൊരുക്കി എണ്ണൂറാംവയൽ സ്കൂൾ

**വെച്ചൂച്ചിറ:** അന്യഗ്രഹ ജീവികൾ, പറക്കും തളികകൾ, സ്പേസ് ഷിപ്പുകൾ, ആകാശ ഗോളങ്ങൾ .. വെച്ചൂച്ചിറ എണ്ണൂറാംവയൽ സിഎംഎസ് എൽപി സ്കൂൾ അന്തരീക്ഷം ഇക്കുറി കുട്ടികൾക്ക് പുതുമകളേറെ സമ്മാനിക്കും.

അത്ഭുത കാഴ്ചയും പുതിയ അനുഭവവുമായി സ്കൂളിലെ ക്ലാസ് മുറികൾ അണിഞ്ഞൊരുങ്ങിയിരിക്കുകയാണ്. ആകാശ കാഴ്ചകൾക്കൊപ്പം നിർമിത ബുദ്ധിയുടെ സാധ്യതകളും കുട്ടികൾക്കു പരിചയപ്പെടുത്തുന്നുണ്ട്.

ഒരു കെട്ടിടമാകെ കായലിൻറെ രൂപത്തിൽ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. കായൽ തീരത്തു നിരനിരയായി നിറഞ്ഞു നിൽക്കുന്ന തെങ്ങുകളും കായലോര കാഴ്ചകളും കൂടി ചേരുമ്പോൾ സ്വാഭാവികത നഷ്ടപ്പെടാത്ത ദൃശ്യങ്ങൾ കൺമുമ്പിലെത്തും. മറ്റൊരു കെട്ടിടത്തിലാകട്ടെ വനത്തിലൂടെയുള്ള യാത്രയാണ് ഒരുക്കിയിട്ടുള്ളത്. കാനനപാതയിലൂടെ പോകുന്ന സ്കൂൾ വാഹനവും കാർട്ടൂൺ തീവണ്ടിയും സഞ്ചരിക്കുമ്പോൾ കാണുന്ന കാഴ്ചകളാണ് കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നത്.

വിദ്യാലയ കെട്ടിടത്തിൻറെ പുറത്തുള്ള കാർട്ടൂൺ കഥാപാത്രങ്ങളാണ് കുട്ടികളെ ക്ലാസിലേക്ക് ആനയിക്കുക. ആനയും കടുവയും ജിറാഫും മാനും മയിലുമൊക്ക ജീവൻ തുടിക്കുന്ന ചിത്രങ്ങളായി ഭിത്തികളിൽ നിറഞ്ഞു നിൽക്കുന്നു.

വിദ്യാലയത്തിൻറെ മറ്റൊരു കെട്ടിടം അക്വേറിയമായി രൂപപ്പെടുത്തിയിട്ടുണ്ട്. മത്സ്യങ്ങളും കടൽ ജീവികളും കടലിൻറെ അടിത്തട്ടിലെ വർണക്കാഴ്ചകളും കുട്ടികൾക്ക് ആസ്വാദ്യകരമായ അനുഭവമാണ്. കൂടാതെ ഇംഗ്ലീഷ് ലാംഗ്വേജ് ലാബും പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്.

സ്കൂളിലെ അധ്യാപകനായ എം.ജെ. ബിബിനാണ് ചിത്രങ്ങൾ വരച്ചത്. അജീഷ് പാമ്പാടി, മഞ്ജു ചാമംപതാൽ എന്നിവരും വിദ്യാലയം ഒരുക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചു. പ്രവേശനോത്സവ ദിനത്തിൽ കുട്ടികളെ വിസ്മയിപ്പിക്കുന്ന ഒട്ടേറെ പരിപാടികളാണ് സ്കൂളിലൊരുക്കിയിരിക്കുന്നതെന്ന് പ്രഥമാധ്യാപകൻ സാബു പുല്ലാട്ട് പറഞ്ഞു.

# ഗോത്ര മേഖലയിലെ പ്രശ്നങ്ങൾ തേടി ഐഐടി സംഘം

**അഗളി:** അട്ടപ്പാടിയിലെ ഗോത്ര ഊരുകളിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും പാലക്കാട് ഐഐടിയിൽ നിന്നുള്ള വിദഗ്ധ സംഘം ആനവായ് ഊര് സന്ദർശിച്ചു. ഐഐടി ഡയറക്ടർ പ്രഫ.ഡോ. ശേഷാദ്രി ശേഖറിന്റെ നേതൃത്വത്തിലുള്ള സംഘത്തോടൊപ്പം കലക്ടർ ഡോ.എസ്.ചിത്രയും ഒറ്റപ്പാലം സബ്കലക്ടർ ഡി.ധർമലശ്രീയും ഊരിലെത്തി. ഗോത്രമേഖലയിലെ ആവശ്യങ്ങൾ സംഘം ചോദിച്ചറിഞ്ഞു. പരിമിതികളും പരാധീനതകളും ഊരിലുള്ളവർ വിവരിച്ചു.വൈദ്യുതി, ശുദ്ധജലം, വാഹന സൗകര്യം, ഇന്റർനെറ്റ് കവറേജ്, വിദ്യഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള അസൗകര്യം, ശുചിമുറികളുടെ കുറവ്, തെരുവുവിളക്കുകൾ, വായനശാല, കൃഷി തുടങ്ങിയവ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. കാർഷികോൽപന്നങ്ങളുടെയും വനവിഭവങ്ങളുടെയും വിപണനത്തിന് ആധുനിക സൗകര്യങ്ങൾ ഉണ്ടാകണമെന്നും താൽപര്യപ്പെട്ടു. 6 കോടി രൂപ ചെലവിട്ട് വൈദ്യുതി എത്തിക്കാൻ നടപടി പൂർത്തിയായതായി കലക്ടർ അറിയിച്ചു.

ഊരിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ഐഐടിയിൽ തൊഴിൽ പരിശീലനം നൽകാൻ സംഘം സന്നദ്ധത അറിയിച്ചു. ഊരുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഐഐടിയുടെ പങ്കാളിത്തമുണ്ടാകുമെന്നും അറിയിച്ചു. പ്രഫ.സുന്ദരരാജൻ, ഐഐടി ഉപദേശകസമിതി അംഗം ഡോ. കെ.എം.ഉണ്ണി, ഫാക്കൽറ്റി ഡോ. ദീപക് ജയ്സ്വാൾ, ഡോ. റോസിത കുനിയിൽ, ഡോ.റീനു പുന്നൂസ്, ഡോ.ആതിര, ഐടിഡിപി പ്രൊജക്ട് ഓഫിസർ കെ.സാദിഖ് അലി എന്നിവർ സംഘത്തിലുണ്ടായിരുന്നു.

# ഹൃദയാരോഗ്യത്തിനും രോഗപ്രതിരോധത്തിനും ശീലമാക്കാം ആട്ടിൻപാൽ



പല രാജ്യങ്ങളിലും, പ്രത്യേകിച്ച് മെഡിറ്ററേനിയൻ, മിഡിൽ ഈസ്റ്റ് മേഖലകളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് ആട് വളർത്തലിന് ഏറെ പ്രാധാന്യമുണ്ട്. ഫ്രാൻസ്, ഇറ്റലി, സ്പെയിൻ, ഗ്രീസ് എന്നിവയ്ക്കെല്ലാം കാര്യക്ഷമമായ ആടു വളർത്തൽ മേഖലകളുണ്ട്. എങ്കിലും, ആട്ടിൻ പാലിന്റെ വ്യാവസായികവൽകരണം അതിന്റെ ലഭ്യതക്കുറവു കാരണം വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ഉൽപാദനം 10 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് (1990) 15.2 ദശലക്ഷം മെട്രിക് ടണ്ണായി (2008) വർധിച്ചിട്ടും ആട്ടിൻ പാലിന്റെ വിപണനം പരിമിതമായി തുടരുന്നു.

ധാതുക്കളും വിറ്റാമിനുകളും കൊണ്ട് സമ്പുഷ്ടമായ, ക്രീം ഘടനയുള്ള പോഷകസമൃദ്ധമായ ആരോഗ്യ പാനീയമാണ് ആട്ടിൻ പാൽ. എളുപ്പത്തിൽ ദഹിപ്പിക്കാനുള്ള കഴിവ് കാരണം ഇത് പലപ്പോഴും ദൈനംദിന സപ്ലിമെന്റുകൾക്ക് പകരമായി ഉപയോഗിക്കുന്നു. ആട്ടിൻ പാലിന്റെ ഉയർന്ന ദഹനശേഷി, ബഫറിങ് ശേഷി, ക്ഷാരാംശം, ചികിത്സാപരമായ ശേഷി എന്നിവ കാരണം പശു, മനുഷ്യപാലുകളിൽ നിന്ന് വേറിട്ടുനിൽക്കുന്നു. പശുവിൻ പാലുമായി താരതമ്യപ്പെടുത്തുമ്പോൾ ആട്ടിൻ പാലിലെ കൊഴുപ്പിന് പ്രതലബലം, വിസ്കോസിറ്റി, സാന്ദ്രത എന്നിവ പോലുള്ള നേട്ടങ്ങളുണ്ട്.

ആട്ടിൻപാലിലെ കൊഴുപ്പിന്റെ 99 ശതമാനവും ഗ്ലിസറൈഡുകളും സ്റ്റിറോയിഡുകളും ആകുന്നു. ആട്ടിൻ പാലിനും പശുവിൻ പാലിനും സമാനമായ ലിപിഡ് ഘടനയും ഗുണങ്ങളും ഉള്ളപ്പോൾ, ആട്ടിൻ പാലിൽ അഗ്ലൂട്ടിനിൻ ഇല്ല. ആട്ടിൻ പാലിൽ ചെറിയ കൊഴുപ്പ് ഗോളങ്ങളാണ് അടങ്ങിയിരിക്കുന്നത്, അതിന്റെ ഫലമായി സ്വയംഹോമോജെനൈസ്ഡ് ആയ പാൽ ഉണ്ടാകുന്നു, കൂടാതെ, ഇ8, ഇ10, ഇ12 തുടങ്ങിയ പ്രത്യേക ഫാറ്റി ആസിഡുകളാൽ ആട്ടിൻ പാൽ സമ്പന്നമാണ്, ഇത് ഊർജോൽപാദനത്തിലും ചികിത്സാ ഗുണങ്ങളിലും ഗുണം ചെയ്യും.

പാൽ പ്രോട്ടീനുകളെ കസീൻ അടങ്ങിയ ഒരു മൈസെല്ലാർ ഘട്ടമായും ംവല്യ പ്രോട്ടീനുകൾ അടങ്ങിയ ലയിക്കുന്ന ഘട്ടമായും തിരിച്ചിരിക്കുന്നു. പശുവിൻപാലിനെ അപേക്ഷിച്ച് ആട്ടിൻപാലിൽ മകെസീൻ കുറവാണെങ്കിലും ഉയർന്ന ത്മകസീൻ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. പശുവിൻ പാലിനെ അപേക്ഷിച്ച് ആട്ടിൻ പാലിലെ കസീൻ അംശങ്ങളിൽ ത്മകസീൻ കൂടുതൽ ലയിക്കുന്നതും കാത്സ്യം, ഫോസ്ഫറസ് എന്നിവയുടെ അളവ് കൂടുതലും താപ പ്രതിരോധ ശേഷി കൂടുതലുമാണ്. പശുവിൻ പാലിൽ കാണപ്പെടുന്ന ഒരു പ്രധാന അലർജിയായ മ൧ കസീൻ കുറഞ്ഞ അളവിൽ ആട്ടിൻ പാലിലും അടങ്ങിയിട്ടുണ്ട്.

ആട്ടിൻ പാലിലെ പ്രാഥമിക കാർബോഹൈഡ്രേറ്റാണ് ലാക്ടോസ്, എങ്കിലും പശുവിൻ പാലിൽ അടങ്ങിയിരിക്കുന്നതിനേക്കാൾ അൽപം കുറവാണ്. ആട്ടിൻ പാലിൽ ലാക്ടോസ് ഡിറൈവ്ഡ് ഒലിഗോസാക്രറൈഡുകൾ അടങ്ങിയിട്ടുണ്ട്, അവയ്ക്ക് പ്രീബയോട്ടിക്, ആന്റിഇൻഫെക്റ്റീവ് ഗുണങ്ങളുണ്ട്. മനുഷ്യ പാലിനെ അപേക്ഷിച്ച് ആട്ടിൻ പാലിൽ ഒലിഗോസാക്രറൈഡുകളുടെ സാന്ദ്രത കുറവാണെങ്കിലും, പശുവിൻ പാലിനേക്കാളും ചെമ്മരിയാട്ടിൻ പാലിനേക്കാളും ഉയർന്ന അളവിലാണുള്ളത്.

ഭക്ഷണ സ്രോതസ്സുകളിൽ നിന്ന് ത്മകരോട്ടിൻ പരിവർത്തനം ചെയ്യുന്നതിനാൽ ആട്ടിൻ പാലിൽ ഉയർന്ന വിറ്റാമിൻ എ അടങ്ങിയിട്ടുണ്ട്. ആട്ടിൻ പാലിലും പശുവിൻ പാലിലും വിറ്റാമിൻ ബി 6, വിറ്റാമിൻ ഡി എന്നിവയുടെ സാന്ദ്രത കുറവാണ്. എന്നാൽ പശുവിൻ പാലിനെ അപേക്ഷിച്ച് ഉയർന്ന അളവിൽ വിറ്റാമിൻ സി അടങ്ങിയിട്ടുണ്ട്, ഇത് വിറ്റാമിൻ ഡി, ഇ, തയാമിൻ, റൈബോഫ്‌ലേവിൻ, നിയാസിൻ എന്നിവയുടെ നല്ല ഉറവിടമായി വർത്തിക്കുന്നു.

പൊട്ടാസ്യം, കാത്സ്യം, ക്ലോറൈഡ്, ഫോസ്ഫറസ്, സെലിനിയം, സിങ്ക്, ചെമ്പ് എന്നിവയുടെ ഉയർന്ന അളവ് ആട്ടിൻപാലിൽ കാണപ്പെടുന്നു. മറുവശത്ത്, മറ്റ് പാൽ തരങ്ങളെ അപേക്ഷിച്ച് പശുവിൻ പാലിൽ സോഡിയം, ഫോസ്ഫറസ്, സിങ്ക്, ചെമ്പ്, മാംഗനീസ് എന്നിവയുടെ സാന്ദ്രത കുറവാണ്. പശുവിൻ പാലുമായി താരതമ്യപ്പെടുത്തുമ്പോൾ ആട്ടിൻ പാലിലെ ഉയർന്ന ധാതുക്കളുടെ ഉള്ളടക്കം പോഷകാഹാര വീക്ഷണകോണിൽ നിന്ന് ഇതിനെ മികച്ച ഓപ്ഷനാക്കി മാറ്റുന്നു.

ശരീരഭാരം, രക്താതിമർദ്ദം, ദഹനം, മൊത്തത്തിലുള്ള ആരോഗ്യം എന്നിവ നിയന്ത്രിക്കുന്ന ബയോ ആക്റ്റീവ് ഘടകങ്ങളാൽ പാലും കന്നിപ്പാലും സമ്പന്നമാണ്. ആട്ടിൻ പാൽ, ഈ ഘടകങ്ങളാൽ സമ്പന്നമായതിനാൽ, പ്രവർത്തനപരവും പോഷകഗുണമുള്ളതുമായ പാനീയമായി കണക്കാക്കാം.



ആട്ടിൻ പാലിൽ ചെറിയ കൊഴുപ്പ് ഗോളങ്ങളുണ്ട്, ഇത് ദഹിപ്പിക്കാൻ എളുപ്പമാക്കുന്നു. ഇതിൽ അടങ്ങിയിട്ടുള്ള പ്രോട്ടീനുകളുടെ ഘടന മൃദുവായ തൈര് രൂപപ്പെടാൻ അനുവദിക്കുന്നു, ദഹന ആരോഗ്യവും ആശ്വാസവും പ്രോത്സാഹിപ്പിക്കുന്നു. ആട്ടിൻ പാലിന്റെ കസീൻ മൈസെല്ലുകളിൽ കൂടുതൽ അജൈവ ഫോസ്ഫറസും കാൽസ്യവും അടങ്ങിയിട്ടുണ്ട്, താപ പ്രതിരോധശേഷി കുറവാണ്, പശുവിൻ പാലിനേക്കാൾ വേഗത്തിൽ ത്മകസീൻ നഷ്ടപ്പെടും. ആട്ടിൻ പാലിൽ ത്മകസീൻ, ഗകസീൻ എന്നിവയുടെ ഉയർന്ന സാന്നിധ്യം ദുർബലമായ ജെല്ലിന് കാരണമാകുന്നു, ഇത് ദഹനക്ഷമത മെച്ചപ്പെടുത്തുന്നു.

ആട്ടിൻ പാലിൽ ലാക്ടോസിന്റെ അളവ് കുറവാണ്. ഇത് ലാക്ടോസ് ഇന്റോളറൻസ് ഉള്ള വ്യക്തികൾക്ക് ദഹനം എളുപ്പമാക്കുന്നു. ആട്ടിൻ പാലിന്റെ കസീൻ പ്രൊഫൈൽ ലാക്ടോസ് വൻകുടലിലൂടെ വേഗത്തിൽ കടന്നുപോകാൻ അനുവദിക്കുന്നു, ഇത് ലാക്ടോസ് ഇന്റോളറൻസിന്റെ ലക്ഷണങ്ങളെ തടയുന്നു.

അലർജി പ്രോട്ടീനുകൾ: പശുവിൻ പാലിൽ ഒരു സാധാരണ അലർജിയായ മ൧ കസീൻ, ആട്ടിൻ പാലിൽ വളരെ കുറവാണ്. ഇത് ആട്ടിൻ പാലിനെ അലർജി കുറയ്ക്കുകയും പശുവിൻ പാലിൽ പ്രോട്ടീൻ അലർജിയുള്ള വ്യക്തികൾക്ക് ഗുണം ചെയ്യുകയും ചെയ്യുന്നു. ആട്ടിൻപാൽ കഴിക്കുന്ന വ്യക്തികളിൽ കോളിക്, ചെറിയ ദഹന വൈകല്യങ്ങൾ, ആസ്ത്മ, എക്സിമ എന്നിവയിൽ പുരോഗതി ഉണ്ടായതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ആന്റിഅലർജി, ആന്റിഇൻഫ്‌ലമേറ്ററി പ്രോപ്പർട്ടികൾ: ആട്ടിൻ പാലിന്റെ പ്രോട്ടീൻ അംശങ്ങൾ കാരണം പശുവിൻ പാലുമായി ബന്ധപ്പെട്ട അലർജി പ്രതിപ്രവർത്തനങ്ങൾക്ക് കാരണമാകില്ല. കൂടാതെ, പശുവിൻ പാലുമായി താരതമ്യപ്പെടുത്തുമ്പോൾ ആട്ടിൻ പാലിൽ കൊഴുപ്പ് കുറവാണുള്ളത്, ഇത് കഫം അടിഞ്ഞുകൂടുന്നത് കുറയ്ക്കുന്നു. ആട്ടിൻ പാല് ശരീരത്തിൽ ആന്റി ഇൻഫ്‌ലമേറ്ററി ആന്റി ഓക്സിഡന്റ് ഫലങ്ങളും, അണുബാധകളിൽ നിന്നും രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. ആരോഗ്യകരമായ കുടൽ മൈക്രോഫ്‌ലോറ നിലനിർത്താനും ഇത് സഹായിക്കുന്നു.

ആൻജിയോടെൻസിൻകൺവേർട്ടിങ് എൻസൈം (എസിഇ), ആന്റിഹൈപ്പർടെൻസിവ് പെപ്റ്റൈഡുകൾ, ഇൻഹിബിറ്ററി പെപ്റ്റൈഡുകൾ തുടങ്ങിയ ആട്ടിൻപാൽ പ്രോട്ടീനുകൾ, സൂക്ഷ്മജീവികളുടെ അണുബാധയെ നിയന്ത്രിക്കുന്നതിലും രോഗ പ്രതിരോധം നൽകുന്നതിലും ഒരു പങ്കു വഹിക്കുന്നു. ഈ പ്രോട്ടീനുകൾക്ക് ഹൃദയ സംബന്ധമായ ഗുണങ്ങളുണ്ട്, കൂടാതെ മോശം കൊളസ്ട്രോൾ എന്നറിയപ്പെടുന്ന ലോഡെൻസിറ്റി ലിപ്പോപ്രോട്ടീന്റെ (എൽഡിഎൽ) ഓക്സീകരണത്തെ തടയാനും രക്തപ്രവാഹത്തിന് സാധ്യത കുറയ്ക്കാനും കഴിയും.

രോഗപ്രതിരോധ സംവിധാനത്തിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ ഉയർന്ന സെലിനിയം ഉള്ളടക്കം കാരണം ആട്ടിൻ ഒരു പ്രതിരോധശേഷി ബൂസ്റ്ററായി പ്രവർത്തിക്കുന്നു. പശുവിൻ പാലിനെ അപേക്ഷിച്ച് ഇതിൽ ഗണ്യമായ അളവിൽ സെലിനിയം അടങ്ങിയിട്ടുണ്ട്. രോഗപ്രതിരോധ പ്രതികരണത്തിൽ ടിലിംഫോസൈറ്റുകൾ, നാച്ചുറൽ കില്ലർ (എൻകെ) കോശങ്ങൾ, ബിലിംഫോസൈറ്റുകൾ എന്നിങ്ങനെ വിവിധ കോശങ്ങൾ ഉൾപ്പെടുന്നു. ആട്ടിൻ പാലിൽ ഇമ്മ്യൂണോമോഡുലേറ്ററി ഇഫക്റ്റുകൾ കാണിക്കുന്നു, നൈട്രിക് ഓക്സൈഡ് റിലീസും സൈറ്റോകൈൻ ഉൽപാദനവും സജീവമാക്കുന്നു, ഇത് കാർഡിയോ പ്രൊട്ടക്റ്റീവ് ഇഫക്റ്റുകൾ ഉണ്ടാക്കുകയും അണുബാധ തടയുകയും ചെയ്യും.

# കാലവർഷമെത്താൻ ദിവസങ്ങൾ മാത്രം ; ഇനിയും തീരം കാണാതെ നദികളിലെ ആഴംകൂട്ടൽ

**എടത്വ:** കാലവർഷം തൊട്ടരികെ എത്തിയിട്ടും നദികളിലെ ആഴം കൂട്ടൽ പദ്ധതി ചുവപ്പുനാടയിൽ. പ്രളയ ദുരന്തത്തിൻറെ തിക്തഫലങ്ങൾ ഏറെ അനുഭവിച്ച കുട്ടനാട്ടിലാണ് ഇക്കാര്യത്തിൽ വീണ്ടും അധികാരികളുടെ അലംഭാവം.

2018നു ശേഷം തുടർച്ചയായി ഉണ്ടായ വെള്ളപ്പൊക്ക ദുരിതത്തിൽനിന്നു കരകയറാൻ ഇന്നും കഴിഞ്ഞിട്ടില്ല. നവകേരള പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ജലാശയങ്ങളുടെ ആഴംകൂട്ടൽ പദ്ധതിക്കു സർക്കാർ അനുമതി നൽകിയെങ്കിലും പദ്ധതി മുന്നോട്ടുപോയിട്ടില്ല.

തദ്ദേശ സ്വയംഭരണം വഴി ഏതാനും തോടുകളിൽ ആഴംകൂട്ടൽ പദ്ധതി തുടങ്ങിയെങ്കിലും ഫണ്ടിൻറെ അപര്യാപ്തത മൂലം പദ്ധതി നിലച്ചിരുന്നു. രണ്ടാം കുട്ടനാട് പാക്കേജിലും കഴിഞ്ഞ പിണറായി സർക്കാരിൻറെ കാലത്തു ബജറ്റിലും തുക വകകൊള്ളിച്ചിരുന്നു.

കുട്ടനാട്ടിലെ ജലാശയങ്ങളിൽ എക്കൽ അടിഞ്ഞു നികന്നതിനാൽ വെള്ളം ഒഴുകിമാറാൻ താമസിക്കുന്നതാണ് വെള്ളപ്പൊക്കം രൂക്ഷമാകുന്നതെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടിയ പശ്ചാത്തലത്തിലാണ് നദികളിലെ ആഴംകൂട്ടൽ പദ്ധതിക്കു സർക്കാർ അനുമതി നൽകിയത്.



കുട്ടനാട്ടിലെ ഒട്ടുമിക്ക നദികളിലും തോടുകളിലും എക്കൽ അടിഞ്ഞു പുല്ല് വളർന്ന് ഒഴുക്ക് തടസപ്പെട്ടു കിടക്കുകയാണ്. പമ്പാ, അച്ചൻകോവിൽ, മണിമല ആറുകൾ പല സ്ഥലങ്ങളിലും നികന്നു തുടങ്ങിയിട്ടുണ്ട്. കിഴക്കൻ വെള്ളത്തിൻറെ വരവിൽ എക്കൽ അടിഞ്ഞാണ് നികന്നു തുടങ്ങിയത്. നദികളുടെ കൈവഴിയുടെയും തോടുകളുടെയും അവസ്ഥ വ്യത്യസ്തമല്ല.

ഒട്ടുമിക്ക തോടുകളിലും ഒഴുക്കും ജലലഭ്യതയും നിലച്ചു. ഇടത്തോടുകൾ പൂർണമായി നികന്ന അവസ്ഥയിലാണ്. ഏതാനും ദിവസങ്ങൾ മഴ പെയ്താൽ പോലും കുട്ടനാട്ടിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളത്തിൽ മുങ്ങുകയാണ് പതിവ്.

നെല്ലറയുടെ നാട്ടിൽ കർഷകരെ സഹായിക്കാൻ കൊണ്ടുവന്ന കുട്ടനാട് പാക്കേജ് നിലച്ചെങ്കിലും വികസന പദ്ധതി പ്രഖ്യാപനങ്ങൾ രണ്ട് കൈയും നീട്ടിയാണ് കുട്ടനാട്ടുകാർ സ്വാഗതം ചെയ്തത്. പ്രഖ്യാപനം നടത്തി രണ്ടു വർഷം പിന്നിട്ടിട്ടും കുട്ടനാട്ടുകാരുടെ രോദനം സർക്കാർ കണ്ടില്ലെന്നു നടിക്കുകയാണ്. വെള്ളപ്പൊക്ക സീസണിലും തെരഞ്ഞെടുപ്പ് കാലത്തും പ്രഖ്യാപനങ്ങൾക്കു പഞ്ഞമില്ല. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ പ്രഖ്യാപനങ്ങൾ വീണ്ടും ചുവപ്പ് നാടയിൽ കുടുങ്ങും. ജൂൺ നാലിനു കാലവർഷം എത്തുമെന്നു കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയതോടെ കുട്ടനാട്ടുകാർ വീണ്ടും ആശങ്കയിലാണ്.

കഴിഞ്ഞ സർക്കാർ അഞ്ചു വർഷംകൊണ്ട് 500 കോടി രൂപയാണ് വെള്ളപ്പൊക്ക പുനരധിവാസ പ്രവർത്തനങ്ങൾക്കായി പ്രഖ്യാപിച്ചിരുന്നത്.

ലീഡിംഗ് ചാനലിൻറെ ആഴം കൂട്ടൽ, ആലപ്പുഴ ചങ്ങനാശേരി ജലപാത വികസനം, 420 കിലോമീറ്റർ ചാലുകളുടെയും തോടുകളുടെയും ചെളി നീക്കംചെയ്യൽ, പാലങ്ങളുടെ പുനർനിർമാണം, വെള്ളപ്പൊക്ക സമയത്തു കാർഷിക മേഖലയ്ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കു പരിഹാരം, ടൂറിസം മേഖലയിലെ പുരോഗതി, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, സമുദ്രനിരപ്പിനെ താഴെയുള്ള പഞ്ചായത്തിൽ പാർക്കുന്ന ജനങ്ങളുടെ പ്രശ്നപരിഹാരം, പാടശേഖര പുറംബണ്ട് നിർമാണം, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം, ജലക്ഷാമം പരിഹരിക്കാൻ പ്രത്യേക പാക്കേജ്, വെള്ളപ്പൊക്ക സീസണിൽ തോട്ടപ്പള്ളി സ്പിൽവേയ് ക്കും പൊഴിക്കും ഇടയിലെ തടസങ്ങൾ മാറ്റാനുള്ള നടപടി എന്നിങ്ങനെ പല പദ്ധതികളും വെളിച്ചം കണ്ടില്ല.

# എൻഡോസൾഫാൻ ദുരിതബാധിതർക്ക് മരുന്നും വാഹന സൗകര്യവും തുടരും

**കാഞ്ഞങ്ങാട് :** എൻഡോസൾഫാൻ ദുരിതബാധിതർക്കു സൗജന്യമായി നൽകുന്ന മരുന്നു വിതരണവും വാഹന സൗകര്യവും തുടർന്നും ഉറപ്പു വരുത്തുമെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ്. ഹൊസ്ദുർഗ് താലൂക്ക് അദാലത്തിൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി പ്രസിഡന്റ് മുനീസ അമ്പലത്തറ, സെക്രട്ടറി അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ എന്നിവരാണു ദുരിതബാധിതരുടെ സങ്കടം പരാതിയായി മന്ത്രിക്കു മുൻപിലെത്തിച്ചത്. ഉടൻ തന്നെ ഇക്കാര്യത്തിൽ വേണ്ട ഇടപെടലുകൾ അദ്ദേഹം നടത്തുകയായിരുന്നു. രോഗികൾക്കുള്ള മരുന്നു വിതരണം മുടങ്ങരുതെന്നും രോഗികൾക്കു ചികിത്സയ്ക്കായി ആശുപത്രികളിലേക്കു പോകാനുള്ള വാഹനം വിട്ടു നൽകണമെന്നും മന്ത്രി ജില്ലാ മെഡിക്കൽ ഓഫിസർക്കു നിർദേശം നൽകി. വിഷയത്തിൽ അടിയന്തരമായി ഇടപെടാൻ മന്ത്രി ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.എ.വി. രാംദാസിനോടു നിർദേശിച്ചു.

മെഡിക്കൽ ക്യാംപിനുള്ള സ്ഥലം ഉടൻ തീരുമാനിക്കാനും മെഡിക്കൽ ക്യാംപിന് ആവശ്യമായ ഡോക്ടർമാരെ ലഭ്യമാക്കാൻ ആരോഗ്യ വകുപ്പിനും മന്ത്രി നിർദേശം നൽകിയിരുന്നു. ഇതുസംബന്ധിച്ച് മന്ത്രി വീണാ ജോർജുമായി മന്ത്രി ഫോണിൽ സംസാരിക്കുകയും ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ഇന്നലെ നടന്ന അദാലത്തിൽ ദുരിതബാധിതരുടെ മരുന്നു വിതരണവും വാഹന സൗകര്യവും മുടക്കരുതെന്നു മന്ത്രി നിർദേശം നൽകിയത്. ദേശീയാരോഗ്യ ദൗത്യം വഴിയാണു നേരത്തെ മരുന്നും വാഹന സൗകര്യവും ദുരിതബാധിതർക്കു നൽകിയിരുന്നത്. എന്നാൽ കേന്ദ്ര ഫണ്ട് നിലച്ചതോടെ മരുന്നു വിതരണവും വാഹന സൗകര്യവും നിലയ്ക്കുകയായിരുന്നു.



ഇതിനിടയിൽ 2022223 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് കാസർകോട് വികസന പാക്കേജ് മുഖേന മരുന്നിനും ചികിത്സയ്ക്കും തുക അനുവദിച്ചിരുന്നു. പുതിയ സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ഫണ്ടിന്റെ അനുമതി ധനകാര്യ വകുപ്പിന്റെ അനുമതിക്കായി കാത്തിരിക്കുകയായിരുന്നു. മന്ത്രി ഇടപെട്ടതോടെ വരും ദിവസം തന്നെ ഫണ്ട് ലഭ്യമാകുമെന്നാണു പ്രതീക്ഷ. മരുന്ന് വിതരണം നിലച്ചതോടെ വൻതുക ചെലവു വരുന്ന മരുന്നുകൾ വാങ്ങുന്നതു പലരും നിർത്തിയിരുന്നു. കടം വാങ്ങിയും മറ്റുള്ളവർ സഹായിച്ചും ദീർഘനാൾ മുന്നോട്ടു പോകാൻ കഴിയാത്ത സ്ഥിതിയിലായിരുന്നു ദുരിതബാധിതർ. മരുന്നു വിതരണം നിലച്ചതു ശക്തമായ പ്രതിഷേധത്തിനും കാരണമായിരുന്നു. ഇതിനിടയിലാണു മന്ത്രിയുടെ ഇടപെടൽ.

ആർജവ് മോഹൻദാസിന കരുതലിൻ മുത്തം നൽകി മന്ത്രി അഹമ്മദ് ദേവർകോവിൽ. ആരൊരാളെൻ കുതിരയെ കെട്ടുവാൻ ആരൊരാളതിൻ മാർഗം മുടക്കുവാൻ എന്ന വയലാറിന്റെ അശ്വമേധം കവിതയിലെ വരികളാണ് ആർജവ് മന്ത്രി അഹമ്മദ് ദേവർകോവിലിനു വേണ്ടി ചൊല്ലിയത്. കവിത കേട്ട മന്ത്രി ആർജവിനെ ആശ്ലേഷിച്ച് സ്നേഹ ചുംബനവും നൽകി.

റോഡിന്റെ ദുരവസ്ഥയാൽ സൈക്കിൾ ഓടിച്ചു യാത്ര ചെയ്യാൻ കഴിയുന്നില്ല. പരാതി കേട്ട മന്ത്രി ആർജവിന്റെ അപേക്ഷ ആർജവം ഉള്ളതാണെന്നും വിഷയത്തിൽ വേഗത്തിൽ തന്നെ തുടർ നടപടികൾ കൈ കൊള്ളാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. കാഞ്ഞങ്ങാട് നഗരസഭയിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നന്നാക്കുമെന്ന് നഗരസഭാ സെക്രട്ടറിയും ഉറപ്പും നൽകി. കോഴിക്കോട് വടകരയിൽ ഹെൽത്ത് സർവീസിൽ ജോലി ചെയ്യുന്ന എ.മോഹൻദാസിന്റെയും കെ.പി.ചിത്രയുടെ രണ്ടു മക്കളിൽ ഇളയവൻ ആണ് ആർജവ്. ഇവരുടെ രണ്ടു മക്കളും ഭിന്നശേഷിക്കാരാണ്.

രണ്ടു മക്കളെയും ഒറ്റയ്ക്ക് ശ്രദ്ധിക്കാൻ അമ്മയ്ക്ക് മാത്രമായി സാധിക്കുന്നില്ല. ഇതിനാൽ മോഹൻദാസിന് കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്കു മാറ്റം നൽകണമെന്ന അപേക്ഷയുമായാണ് ഇവർ അദാലത്തിലെത്തിയത്.

# മാൻഹോൾ ശുചീകരണം: കൊച്ചിയിൽ റോബോട്ടിക് സിസ്റ്റം പ്രവർത്തനം ആരംഭിച്ചു



**കൊച്ചി:** കായികമായിട്ടുള്ള മാൻഹോൾ ശുചീകരണം ഒഴിവാക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ കൊച്ചി കപ്പൽ ശാലയുടെ സാമ്പത്തിക സഹായത്തോടെയും ജെൻ റോബോട്ടിക്സ് ഇന്നോവേഷൻസ് പൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെയുമുള്ള റോബോട്ടിക് മാൻഹോൾ ശുചീകരണ സംവിധാനം കൊച്ചിയിൽ ആരംഭിച്ചു.ഹോസ്പിറ്റൽ റോഡിൽ ഉള്ള കേരള വാട്ടർ അതോറിറ്റി പരിസരത്ത് വച്ച് നടന്ന ചടങ്ങിൽ മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തിനുശേഷം ഹോസ്പിറ്റൽ റോഡിലുള്ള മാൻ ഹോൾ ക്ലീൻ ചെയ്തു കൊണ്ട് റോബോട്ടിന്റെ പ്രവർത്തനം ആരംഭിച്ചു. 39.52 ലക്ഷം തുക ചിലവഴിച്ചാണ് റോബോട്ട് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ മുഴുവൻ തുകയും കൊച്ചി കപ്പൽ ശാലയുടെ സി എസ് ആർ ഫണ്ടിൽ നിന്നാണ് ലഭ്യമായത്. നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ഇത്. സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നഗരഭരണം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ് ജൻ റോബോട്ടിക്സ് എന്ന ഈ പദ്ധതിക്ക് തുടക്കം കുറിക്കുന്നതെന്നും കൊച്ചി നേരിടുന്ന എല്ലാ വെല്ലുവിളികളും സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരിഹരിച്ച് മുന്നോട്ടു പോകുമെന്നും മേയർ അഡ്വ എം അനിൽകുമാർ പറഞ്ഞു. കൊച്ചി നഗരത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് എന്നും കൊച്ചിൻ ഷിപ്പിയാർഡ് ഉണ്ടാകുമെന്ന് കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ മധു. എസ്. നായർ പറഞ്ഞു. ചടങ്ങിൽ മാൻഹോൾ ശുചീകരണ റോബോട്ടിന്റെ താക്കോൽ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ മധു. എസ്. നായർ മേയർ അഡ്വ എം അനിൽകുമാറിന് കൈമാറി. കൊച്ചി നഗരത്തിനായി ഇത്തരത്തിൽ ഒരു റോബോട്ടിനെ നിർമ്മിച്ച ജെൻ റോബോട്ടിക്സ് ഇന്നോവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിനുള്ള മൊമെന്റോ മേയർ അഡ്വ എം അനിൽകുമാറും കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ മധു. എസ്. നായരും ചേർന്ന് ജെൻ റോബോട്ടിക്സ് ഇന്നോവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സി ഇ ഒ വിമൽ ഗോവിന്ദിന് കൈമാറി. പദ്ധതിയുടെ നിർവഹണത്തിന്റെ ഓർഡിനേഷൻ നിർവഹിച്ചിരിക്കുന്നത് കൊച്ചി നഗരസഭയുടെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിംഗ് ആയ സിഹെഡ്ഡാണ്. ഡെപ്യൂട്ടി മേയർ കെ. എ. അൻസിയ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഷീബ ലാൽ, ടി കെ അഷറഫ്, അഡ്വ പ്രിയ പ്രശാന്ത്, വി എ ശ്രീജിത്ത്, പ്രതിപക്ഷ നേതാവ് അഡ്വ ആന്റണി കുരീത്തറ, ഡിവിഷൻ കൗൺസിലർ പത്മജ. എസ്. മേനോൻ, കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് അസിസ്റ്റന്റ് ജനറൽ മാനേജർ, സി എസ് ആർ, സമ്പത്ത് കുമാർ, കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനിയർ ഇന്ദുലേഖ, ജെൻ റോബോട്ടിക്സ് ഇന്നോവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സി ഇ ഒ വിമൽ ഗോവിന്ദ് എം കെ, സിഹെഡ് ഡയറക്ടർ ഡോ. രാജൻ എന്നിവർ പങ്കെടുത്തു.

# വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** പുതിയ അധ്യയന വർഷത്തിൽ വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിശ്വഹിന്ദു പരിഷത്തും ബാല സംസ്ക്കാര കേന്ദ്രവും സംയുക്തമായി സൗജന്യമായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ജസ്റ്റിസ് പി.എൻ രവീന്ദ്രൻ വിതരണ ചടങ്ങ് ഉദ്ഘടാനം ചെയ്തു. പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുമാരി ഗൗരീ വിനോഷിനെ ഫലകവും ക്യാഷ് അവാർഡും നൽകി ചടങ്ങിൽ ആദരിച്ചു.വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ അധ്യക്ഷത വഹിച്ചു. വി.എച്ച്.പി ദേശീയ സെക്രട്ടറി ദേവ്ജി റാവത്ത് മുഖ്യപ്രഭാഷണം നടത്തി.സാഹിത്യകാരി ശ്രീകുമാരി രാമചന്ദ്രൻ, ക്ഷേത്രീയ സംഘടനാ സെക്രട്ടറി കേശവ് ജി,വി.എച്ച്.പി ജില്ലാ ജോയിൻ സെക്രട്ടറി നന്ദകുമാർ സി,ബജരംഗ്ദൾ ജില്ല സംയോജക് മനു,പാവക്കുളം ക്ഷേത്രം പ്രസിഡന്റ് ടി. പങ്കജാക്ഷൻ, മഠ് മന്ദിർ പ്രമുഖ് ജയഗോപൻ തുടങ്ങിയവർ സംസാരിച്ചു.



പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുമാരി ഗൗരീ വിനോഷിന് വിശ്വഹിന്ദു പരിഷത്തും ബാല സംസ്ക്കാര കേന്ദ്രവും സംയുക്തമായി ഏർപ്പെടുത്തിയ ഫലകവും ക്യാഷ് അവാർഡും സാഹിത്യകാരി ശ്രീകുമാരി രാമചന്ദ്രൻ,വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി.ശ്രീകുമാർ എന്നിവർ ചേർന്ന് സമ്മാനിക്കുന്നു.കേശവ് ജി,ദേവ്ജി റാവത്ത്,ജസ്റ്റിസ് പി.എൻ രവീന്ദ്രൻ തുടങ്ങിയവർ സമീപം

# ഇലക്ട്രിക് വാഹന ചാർജിംഗ് ഹബ്ബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** അനെർട്ടും കൊച്ചി മെട്രോയും സംയുക്തമായി സ്ഥാപിച്ച ജില്ലയിലെ ആദ്യ സൗരോർജ്ജിത ഇലട്രിക് വാഹന ചാർജിംഗ് ഹബ്ബിന്റെ ഉദ്ഘാടനം അൻവർ സാദത്ത് എം എൽ എ മുട്ടം മെട്രോ സ്റ്റേഷൻ പാർക്കിങ് അങ്കണത്തിൽ നിർവഹിച്ചു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് ഉദ്ഘാടനം നടന്നത്. വർധിച്ചു വരുന്ന വായുമലിനീകരണം ഒരുപരിധി വരെ കുറയ്ക്കാൻ ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നത് വഴി സാധിക്കുമെന്നും എന്നാൽ ഇലക്ട്രിക്ക് വാഹനങ്ങളുടെ എണ്ണം വർധനവിനോടൊപ്പം തന്നെ ചാർജിങ് സ്റ്റേഷനുകളുടെ എണ്ണത്തിലും കാതലായ വർദ്ധനവ് ആവശ്യമെന്ന് എം എൽ എ പറഞ്ഞു. സൗരോർജ്ജ ബന്ധിത ചാർജിങ് സ്റ്റേഷൻ എന്നത് പ്രസ്തുത സ്റ്റേഷന് ഒരു മുതൽകൂട് തന്നെയാണ് എന്നും എം.എൽ.എ പറഞ്ഞു. ചൂർണിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ് , വൈസ് പ്രസിഡന്റ് ബാബു പുത്തനങ്ങാടി , വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, മുട്ടം വാർഡ് മെമ്പർ, കൊച്ചി മെട്രോ ജനറൽ മാനേജർ, കെ എസ് ഇ.ബി.എൽ കളമശ്ശേരി സെക്ഷൻഅസ്സിസ്റ്റന്റ് എഞ്ചിനീയർ , അനെർട്ട് എറണാകുളം ജില്ലാ എഞ്ചിനീയർ മനു എം വേണു എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ജി.എസ്.ടി കോഴ്സ്: ജൂൺ 26 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഏകഎം) ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി (PGDGST) കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 26 വരെ ദീർഘിപ്പിച്ചു. 2023 24 അധ്യയന വർഷത്തെ കോഴ്സിന്റെ അടിസ്ഥാന യോഗ്യത അംഗീകൃത സർവ്വകലാശാല ബിരുദമാണ്. നികുതി പ്രാക്ടീഷണർമാർ, അക്കൗണ്ടന്റുമാർ, നിയമ വിദഗ്ദ്ധർ, വിദ്യാർഥികൾ, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ ഉദ്ദേശിച്ചാണ് ഈ കോഴ്സ് തുടങ്ങിയിരിക്കുന്നത്. ജി.എസ്.ടി നിയമം, ചട്ടം, അക്കൗണ്ടിംഗ് എന്നിവയിൽ നൈപുണ്യം നേടുന്നതിനും, ടാക്സ് പ്രാക്ടീഷണർ ആകുന്നതിലേക്കുള്ള വൈദഗ്ധ്യം നേടുന്നതിനും സഹായകരമാകുന്ന രീതിയിലാണ് കോഴ്സ് വിഭാവന ചെയ്തിരിക്കുന്നത്. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്ന ഒരു വർഷത്തെ ഈ കോഴ്സിൽ 150 മണിക്കൂർ പരിശീലനമാണ് (ക്ലാസ്റൂം ഓൺലൈൻ/ഓഫ്ലൈൻ ഹൈബ്രിഡ്) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾ, സർക്കാർഅർദ്ധസർക്കാർ, പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിവർ ഉൾപ്പെട്ട 14 വിഭാഗങ്ങൾക്ക് ഫീസിൽ ആകർഷകമായ ഇളവുകളുണ്ട്. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിവരങ്ങൾ ഗിഫ്റ്റ് വെബ്സൈറ്റിൽ (www.gift.res.in) ലഭ്യമാണ്. ഹെൽപ്പ് ലൈൻ നമ്പർ: 04712596980, 2590880, ഒീയ : 9746683106 അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2013 ജൂൺ 26 ആണ്.

# സെക്യൂരിറ്റി ഗാർഡ്

**തിരുവനന്തപുരം:** നെയ്യാർഡാം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) ൽ സെക്യൂരിറ്റി ഗാർഡിന്റെ (എക്സ് സർവീസ് മെൻ) താത്കാലിക ഒഴിവുണ്ട് ജൂൺ അഞ്ചിന് രാവിലെ 10.30ന് കിക്മ കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 8547618290.

# സെലക്ഷൻ കമ്മിറ്റി

**തിരുവനന്തപുരം:**202324 അധ്യയന വർഷം സംസ്ഥാനത്തെ എയിഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ അംഗമാകുന്നതിന് ആഗ്രഹിക്കുന്ന ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി/ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ അവരുടെ പേര് വിവരങ്ങൾ, ഔദ്യോഗിക മേൽവിലാസം, പെൻ നമ്പർ എന്നിവ ഉൾപ്പെടെ അപേക്ഷകൾ 2023 ജൂൺ 15നം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ (ഹയർ സെക്കണ്ടറി വിഭാഗം) ഔദ്യോഗിക ഇമെയിൽ വിലാസമായ jd1hse.dge@kerala.gov.in ലേക്ക് അയക്കണ

## പൊങ്ങിൻചുവട് ആദിവാസി കോളനി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി

**കൊച്ചി:** പൊങ്ങിൻചുവട് ആദിവാസി കോളനിയിലെ വിദ്യാർത്ഥികൾക്ക് കൈത്താങ്ങുമായി വേങ്ങൂർ ഗ്രാമപഞ്ചായത്ത്. പട്ടിക വർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസമുറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് മൂന്നര ലക്ഷം രൂപയുടെ വിവിധ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്ടോപ് അടക്കമുള്ള പഠനോപകരണങ്ങളാണ് വിദ്യാർത്ഥികൾക്കായി നൽകിയത്.പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന നാല് വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തത്. ര് ലക്ഷം രൂപയാണ് പദ്ധതി ചെലവ്. അതിന് പുറമെ 20 വിദ്യാർത്ഥിൾക്ക് പഠനത്തിനുപകരിക്കുന്ന മേശയും കസേരയും നൽകി. ഒന്നര ലക്ഷം രൂപയുടെ പദ്ധതിയാണിത്. വിദ്യാർത്ഥികൾക്ക് സഹായവും പിന്തുണയും ഉറപ്പാക്കിക്കൊ് മുൻ വർഷങ്ങളിലും വിവിധ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കിയിരുന്നു. എന്നാൽ മേശയും കസേരയും വിതരണം ചെയ്യുന്നത് ഈ വർഷമാണ്.പൊങ്ങിൻചുവടിലെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സാധ്യമാകുന്ന കാര്യങ്ങളെല്ലാം പഞ്ചായത്ത് ചെയ്യുമെന്നും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നതായും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിൽപ സുധീഷ് പറഞ്ഞു.

## ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഹരിതസഭ സംഘടിപ്പിക്കുന്നുതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിമാർക്ക് ബോധവത്ക്കരണ പരിപാടി നടത്തി . ഓൺലൈനായി നടത്തിയ പരിപാടിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി. എം. ഷഫീഖ് നേതൃത്വം നൽകി. മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാർച്ച് 15 മുതൽ ജൂൺ ഒന്ന് വരെ നടന്ന പ്രവർത്തനങ്ങളും അതിന്റെ ഭാഗമായി ഉായ പുരോഗതി, മാറ്റങ്ങൾ, പ്രത്യേക പ്രവർത്തനങ്ങൾ, നൂതന പ്രവർത്തനങ്ങൾ, പ്രതിസന്ധികളും തടസ്സങ്ങളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ഹരിതസഭയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കുന്ന തരത്തിൽ ഹരിതസഭാ പ്രതിനിധികളെ നിശ്ചയിക്കണമെന്ന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി.ജൂൺ അഞ്ചിന് നടത്തുന്ന ഹരിതസഭയിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് അതുവരെ നടന്ന എല്ലാ പ്രവർത്തനങ്ങളുടെയും സമഗ്രമായ റിപ്പോർട്ടും സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടു്. ഹരിതസഭയിൽ അവതരിപ്പിച്ച റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷനും സെക്രട്ടറിയും ഒപ്പും സീലും വച്ച് ജൂൺ എട്ടിനു മുൻപ് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ എസ്. ശ്രീദേവി പകർച്ച വ്യാധികൾ തടയേതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. വാർഡ് തലത്തിൽ സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ നടത്താനും ഡെങ്കിപ്പനി പടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധി പ്രതിരോധഗുളികൾ ലഭ്യമാക്കാനുളള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ യോഗത്തിൽ പങ്കെടുത്തു.

## സംസ്ഥാന സ്കൂൾ പ്രവേശനോത്സവം: കൈറ്റ് വിക്ടേഴ്സിൽ

**തിരുവനന്തപുരം:** സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവ ഉദ്ഘാടന പരിപാടിയുടെ തത്സമയ സംപ്രേഷണം കൈറ്റ് വിക്ടേഴ്സ് ചാനലിൽ ഉണ്ടാകും. മലയിൻകീഴ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ജൂൺ ഒന്നിന് (ഇന്ന്) രാവിലെ ഒമ്പതിന് മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുന്നത്.സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്ന് തെരെഞ്ഞെടുത്ത കുട്ടികളുടെ ആശംസകളും കലാപ്രകടനങ്ങളും പ്രവേശനോത്സവ പ്രത്യേക പരിപാടിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനലിന്റെ facebook.com/victerseduchannel, youtube.com/itsvicters, victers.kite.kerala.gov.in എന്നീ പേജുകളിലും തത്സമയം സംപ്രേഷണം ഉണ്ടാകും.

# മാലിന്യനിർമാർജ്ജന യജ്ഞത്തിൽ എല്ലാവരും പങ്കാളികളാകണം മന്ത്രി. പി രാജീവ്



**കൊച്ചി:** കളമശ്ശേരി നിയമസഭാ മണ്ഡലത്തെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ ശുചിത്വത്തിന് ഒപ്പം കളമശ്ശേരി ക്യാമ്പയിനിന്റെ ഭാഗമായി ജൂൺ മൂന്നു മുതൽ അഞ്ചുവരെ നടക്കുന്ന മാലിന്യ നിർമാർജ്ജന യജ്ഞത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. മന്ത്രിയുടെ നേതൃത്വത്തിൽ കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ശുചിത്വത്തിന് ഒപ്പം കളമശ്ശേരി ക്യാമ്പയിനുമായി ബന്ധപ്പെട്ട് ജില്ലാ പ്ലാനിങ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ജനകീയ പങ്കാളിത്തത്തോടെ മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകൾ മുതൽ കോളേജുകൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവീസ് സ്കീം, ഹരിതകർമ്മ സേന, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജൂൺ മൂന്നിന് വാർഡ് അംഗങ്ങളുടെയും, കുടുംബശ്രീ ഹരിത കർമ്മ സേന പ്രവർത്തകരുടെയും നേതൃത്വത്തിൽ പഞ്ചായത്തുകളിൽ ഭവന സന്ദർശനം നടത്തി വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് ബോധവൽക്കരണം നൽകും.ജൂൺ നാലിന് ഹയർസെക്കൻഡറി കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെയും, ജനപ്രതിനിധികളുടെയും, പൊതുപ്രവർത്തകരുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ മാസ് ക്ലീനിങ് ഡ്രൈവ് നടക്കുമെന്ന് മന്ത്രി പറഞ്ഞു.മണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഹയർസെക്കൻഡറി, കോളേജ് വിദ്യാർത്ഥികൾ യജ്ഞത്തിൽ പങ്കാളികളാകും. മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന പൊതുവിടങ്ങൾ കണ്ടെത്തി ഈ ദിവസം ശുചീകരിക്കും. വൃത്തിയാക്കിയ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തിൽ വൃത്തിയാക്കിയ സ്ഥലങ്ങളിൽ ചെടികളും മരങ്ങളും ഔഷധ സസ്യങ്ങളും നട്ട് പിടിപ്പിക്കും. റസിഡന്റ്സ് അസോസിയേഷനുകൾക്ക് ഇതിന്റെ പരിപാലന ചുമതല നൽകും. വൃത്തിയാക്കിയ സ്ഥലങ്ങളിൽ വീണ്ടും മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്യാമറകൾ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.പുതിയ അധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങളിലും പ്രവർത്തനങ്ങൾ നടപ്പിലാക്കും. ഹരിത ചട്ടം പാലിച്ചുകൊണ്ടാണ് വിദ്യാലയങ്ങളിൽ പ്രവേശനോത്സവം നടക്കുക. മാലിന്യ സംസ്കരണത്തെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കാനുള്ള പ്രവർത്തനങ്ങളും വിദ്യാലയങ്ങളിൽ നടപ്പിലാക്കും. മാലിന്യ സംസ്കരണ യജ്ഞത്തിന്റെ രണ്ടാം ദിവസമായ ജൂൺ നാലിന് രാവിലെ 9 ന് അരംഭിക്കുന്ന മാസ്സ് ക്ലീനിങ് ഡ്രൈവിൽ മന്ത്രി. പി. രാജീവ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കാളികളാകും. യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി .ജി. അലക്സാണ്ടർ, നവ കേരള മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, വിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

## ഹരിതം സമൃദ്ധം :ഹരിത വിദ്യാലയത്തിലേക്കൊരു ഹരിത ചുവട്

**കൊച്ചി:** മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ അദ്ധ്യയന വർഷം നടത്തുന്ന ജനകീയ വിദ്യാഭ്യാസ ക്യാമ്പയിൻ ഹരിതം സമൃദ്ധത്തിന് തുടക്കമാകുന്നു.ജില്ലാ പഞ്ചായത്തിന്റെയും ഭരണകൂടത്തിന്റെയും മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെയും നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയ വിവിധ വകുപ്പുകളുടെയും സഹകരണത്തോടെയാണ് ക്യാമ്പയിൻ ജില്ലയിൽ നടപ്പിലാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, കളക്ടർ എൻ എസ് കെ ഉമേഷ് എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.ജൂൺ ഒന്നിന് നടക്കുന്ന പ്രവേശനോത്സവം ഹരിതോത്സവമായി സംഘടിപ്പിച്ചു കൊണ്ട് പ്രവർത്തന പരിപാടികൾക്ക് തുടക്കമാകും. കൊടി തോരണങ്ങൾ, ബാനറുകൾ തുടങ്ങിയ പൂർണമായും പ്ലാസ്റ്റിക് രഹിതമാക്കി കുരുത്തോലകൾ, ഇലകൾ, തുണികൾ തുടങ്ങിയ പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ട് ഹരിതോത്സവത്തെ വർണാഭമാക്കും. ഈ വർഷത്തെ ജൂൺ 5 പരിസ്ഥിതി ദിന പ്രമേയം 'പ്ലാസ്റ്റിക് മലിനീകരണത്തിനുള്ള പരിഹാരങ്ങൾ' എന്നതാണ്. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് തുണികൾ കൊണ്ട് നിർമ്മിച്ച പെൻസിൽ പൗച്ചുകളുടെ വിതരണം സംഘടിപ്പിക്കും. കൂടാതെ സത്യപ്രതിജ്ഞ, രചനാമത്സരങ്ങൾ, പച്ചത്തുരുത്തുകൾ, ഹരിത വീഥികൾ എന്നിവയുടെ നിർമ്മാണവും സംഘടിപ്പിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനത്തിലെ ഒരു വാർഡിനെ ഹരിത വാർഡാക്കി മാറ്റുക, ബസ് സ്റ്റോപ്പുകളുടെ ശുചീകരണവും പരിപാലനവും തുടങ്ങി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവർത്തന പരിപാടികളാണ് ഹരിതം സമൃദ്ധത്തിന്റെ ഭാഗമായി സംഘടിപ്പിക്കുക. വിദ്യാഭ്യാസ വകുപ്പ് ഈ അദ്ധ്യയന വർഷം ഏറ്റെടുത്ത് നടപ്പാക്കുന്ന 'ഗ്രീൻ ക്യമ്പസ് ക്ലീൻ ക്യാമ്പസ് എന്ന ആശയത്തിലൂന്നിയാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. മാല്യന്യ പരിപാലനത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന എല്ലാ വിഭാഗം സ്കൂളുകൾക്കും ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങൾക്കും ഹരിത മികവിനുള്ള ഗ്രീൻ എക്സലൻസി പുരസ്ക്കാരങ്ങൾ വർഷത്തിൽ രണ്ടു തവണ നൽകുവാനും തീരുമാനമെടുത്തു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വളമായോ ഗ്യാസാക്കിയോ മാറ്റുകയും അജൈവ പാഴ്വസ്തുക്കൾ ഹരിത കർമ്മ സേനക്ക് കൈമാറുകയും ചെയ്യണം. മാലിന്യ പരിപാലന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബ്ലോക്ക് തലത്തിൽ വിദഗ്ദ്ധ സമിതിയെ ചുമതല പെടുത്തും.ഇതോടൊപ്പം എക്സൈസ് വകുപ്പും വിമുക്തി വകുപ്പും നടത്തി വരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റെടുക്കും. ജൂൺ 1 ന് എല്ലാ സ്കൂളുകളിലെയും കോളേജുകളിലേയും ലഹരി വിരുദ്ധ ക്ലബ്ബംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തും.

# അദീബ് അഹമ്മദ് ഫിക്കി മിഡിൽ ഈസ്റ്റ് ചെയർമാൻ

**കൊച്ചി;** ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിന്റെ മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദിനെ മിഡിൽ ഈസ്റ്റ് കൗൺസിലിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (എകഇഇക) ചെയർമാനായി നിയമിച്ചു. ഡൽഹിയിൽ നടന്ന ഫിക്കി മിഡിൽ ഈസ്റ്റ് കൗൺസിലിന്റെ ആറാമത്തെ യോഗത്തിലാണ് അദീബ് അഹമ്മദിനെ ചെയർമാനായി തിരഞ്ഞെടുത്തത്. യോഗത്തിൽ എകഇഇക സെക്രട്ടറി ജനറൽ ശൈലേഷ് പതക്, സീനിയർ ഡയറക്ടറും, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, സൗത്ത് ഏഷ്യ റീജിയൻ ഹെഡുമായ ഗൗതം ഘോഷ്, ജോയിന്റ് ഡയറക്ടറും, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, സൗത്ത് ഏഷ്യ ഹെഡുമായ ദീപ്തി പന്ത്, തുടങ്ങിയവരും പങ്കെടുത്തു. തുടർന്ന് നടന്ന യോഗത്തിൽ ഇരു മേഖലകളിലെയും വ്യാവസായിക രംഗത്ത് വർദ്ധിച്ചുവരുന്ന നിക്ഷേപ അവസരങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. അതോടൊപ്പം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ആസൂത്രണവും, അത് നടപ്പിലാക്കുന്നതിനായി ബിസിനസ്സ് കമ്മ്യൂണിറ്റിയിൽ നിന്നുള്ള രാജ്യത്തിന്റെ അംബാസഡർമാരെ കണ്ടെത്തുകയും ചെയ്തു.സാമ്പത്തിക സേവന രം?ഗത്തും, ഹോസ്പിറ്റാലിറ്റി ബിസിനസ്സ് രം?ഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ സംരംഭകനാണ് അദീബ് അഹമ്മദ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിന ് മിഡിൽ ഈസ്റ്റ്, ഇന്ത്യൻ ഉപഭൂഖണ്ഡം, ഏഷ്യപസഫിക് മേഖലകളിലെ പത്തോളം രാജ്യങ്ങളിൽ സാ



ന്നിധ്യമുണ്ട്. ഇന്ത്യയിൽ എൻബിഎഫ്സി രംഗത്ത് ലുലു ഫിൻസെർവ്, ക്രോസ്ബോർഡർ പേയ്മെന്റ് കമ്പനിയായ ലുലു ഫോറെക്സ് എന്നിവയുൾപ്പെടെ 40 നഗരങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. കൂടാതെ ആഡംബര ഹോസ്പിറ്റാലിറ്റി രം?ഗത്തും സജീവമാണ്. നിരവധി വർഷങ്ങളായി ഇന്ത്യൻ വ്യാവസായ രം?ഗത്ത് നിറഞ്ഞുനിൽക്കുന്ന അദീബ് അഹമ്മദ് ജിസിസി രാജ്യങ്ങളും, ഇന്ത്യയും തമ്മിലുള്ള വ്യാവസായിക സാമൂഹിക ബന്ധം മെച്ചപ്പെടുത്താൻ സജീവമായി പിൻതുണയും നൽകി വരുന്നുണ്ട്.ഷാർജ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ ചെയർമാൻ അബ്ദുല്ല സുൽത്താൻ അൽ ഒവൈസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ ഉച്ചകോടി സ്വാഗതം ചെയ്തു. വിദേശകാര്യ മന്ത്രാലയത്തിലെ ഡെവലപ്മെന്റ് പാർട്ണർഷിപ്പ് ജോയിന്റ് സെക്രട്ടറി സതീഷ് ശിവനും ദുബായിലെ ഇന്ത്യൻ കോൺസൽ ജനറൽ എന്നിവരും പങ്കെടുത്ത ചർച്ചയും നടന്നു. അതോടൊപ്പം ഒമാനിലെ ഓയിൽ സാധ്യതകളെക്കുറിച്ചുള്ള സെമിനാറും നടത്തി.ഇന്ത്യൻ വാണിജ്യവ്യവസായ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം, ഇന്ത്യയും ജിസിസി രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം സമീപകാലത്ത് 150 ബില്യൺ ഡോളറിനെ മറികടന്ന് പുതിയ ഉയരങ്ങൾ കൈവരിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 10% ത്തിലധികം ജിസിസി രാജ്യങ്ങൾ ഏറ്റെടുത്തതോടെ , ഇന്ത്യൻ കയറ്റുമതിയുടെ പ്രധാന ലക്ഷ്യസ്ഥാനമായി ഉയരുകയും ചെയ്തു. കൂടാതെ, ജിസിസിയിൽ നിന്നുള്ള ഇന്ത്യയുടെ ഇറക്കുമതി മൊത്തം ഇറക്കുമതി അളവിന്റെ 18 ശതമാനത്തിലധികവുമായി മാറി.ഇന്ത്യയും വിവിധ ജിസിസി രാജ്യങ്ങളും തമ്മിലുള്ള വ്യാപാരവും നിക്ഷേപവുംപ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായ എകഇഇക മിഡിൽ ഈസ്റ്റ് കൗൺസിൽ വ്യാപാരം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ചർച്ചകൾ നടത്തുന്ന വേദിയാണ്.കഴിഞ്ഞ 12 മാസങ്ങളിൽ, വിവിധ മേഖലകളിലെ പരസ്പര സഹകരണം പര്യവേക്ഷണം ചെയ്യുന്നതിനായി യുഎഇ, സൗദി അറേബ്യ, ഒമാൻ, ബഹ്റൈൻ എന്നിവിടങ്ങളിൽ നിന്നുള്ള സർക്കാർ പ്രതിനിധികളുമായും ബിസിനസ് ചേംബറുമായും കൗൺസിൽ നിരവധി പരിപാടികളും ചർച്ചകളും നടത്തിയിട്ടുണ്ട്.

# 'ഇഷ്ടരാഗം'ക്യാരക്ടർ പോസ്റ്റർ റിലീസ് ചെയ്തു

**കൊച്ചി:** ആകാശ് പ്രകാശ്, പുതുമുഖം ആദിത്യ,കൈലാഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയൻ പൊതുവാൾ കഥയെഴുതി സംവിധാനം ചെയ്യുന്ന'ഇഷ്ടരാഗം' എന്ന മ്യൂസിക്കൽ റൊമാന്റിക് ത്രില്ലർ ചിത്രത്തിന്റെ ക്യാരക്ടർ പോസ്റ്റർ റിലീസായി. സുമിത്ര രാജൻ അവതരിപ്പിക്കുന്ന ശ്രീദേവി ടീച്ചർ എന്ന കഥാപാത്രത്തിന്റെ പോസ്റ്ററാണ് റിലീസായത്.ശ്രീകുമാർ മറിമായം, ഉണ്ണിരാജ്, വിവേക് വിശ്വം, ശ്രീജിത്ത് കൈവേലി, അമ്പിളി, സുമിത്ര രാജൻ, വേണു അമ്പലപ്പുഴ, അർജുൻ,ജലജ റാണി,രഘുനാഥ് മടിയൻ, ജീഷിൻ തുടങ്ങിയവരാണ് മറ്റു താരങ്ങൾ.ആകാശ് പ്രകാശ് മ്യൂസിക്ക് ആന്റ് എന്റർടൈൻമെന്റ്സ്,എസ് ആർ ഫിലിംസ് എന്നിവയുടെ ബാനറിൽ പ്രകാശ് നായർ, സുരേഷ് രാമന്തളി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജി കെ രവികുമാർ നിർവ്വഹിക്കുന്നു.തിരക്കഥ സംഭാഷണം ചന്ദ്രൻ രാമന്തളി എഴുതുന്നു. സുരേഷ് രാമന്തളിയുടെ വരികൾക്ക് വിനീഷ് പണിക്കർ സംഗീതം പകരുന്നു.വിജയ് യേശുദാസ്,വടുകിയമ്മ, അനിത വിനോദ്, ഹരിത ഹരീഷ്,ശിവപ്രിയ എന്നിവരാണ് ഗായകർഎഡിറ്റർ വിപിൻരവി,പ്രൊഡക്ഷൻ കൺട്രോളർഷാജി ഒലവക്കോട്,കല ബാലകൃഷ്ണൻ കൈതപ്രം, കോസ്റ്റ്യൂംസ്സുകേഷ് താനൂർ, മേക്കപ്പ് സുധാകരൻ ചേർത്തല കൊറിയോഗ്രഫിക്ലിന്റ്, ചീഫ് അസോസിയേറ്റ് ഡയറക്ടർറിജു നായർ,അസിസ്റ്റന്റ് ഡയറക്ടർ ദീപക് ശങ്കർ,ഷാൻ,ബിജിഎം പ്രണവ് പ്രദീപ്, കളറിസ്റ്റ് അലക്സ് വർഗീസ്,
സ്റ്റിൽസ്വിദ്യാധരൻ,ഡിസൈൻ ദിനേശ് മദനൻ,സ്റ്റിൽസ്വിദ്യാധരൻ,ഇരിട്ടി,കാഞ്ഞിരക്കൊല്ലി, വയനാട്,ഗുണ്ടപ്പെട്ട് എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ 'ഇഷ്ടരാഗം 'ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.




# 'ഗരുഡ കൽപ്പ 'ചിത്രീകരണം തുടങ്ങി



**കൊച്ചി:** ബിനു പപ്പു,സംവിധായകൻ രഞ്ജിത്ത്,ധ്രുവൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജോൺ ജൂനിയർ വൺ കഥയെഴുതി സംവിധാനം ചെയ്യുന്ന 'ഗരുഡ കൽപ്പ ' എന്ന ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചു.'പൊറിഞ്ചു മറിയം' എന്ന ഹിറ്റ് ചിത്രത്തിനു ശേഷം കീർത്തന മൂവീസിന്റെ ബാനറിൽ റെജി മോൻ,സനൽ കുമാർ ഭാസ്കരൻ ബി, വിംങ്സ് എന്റർടെയ്ൻമെന്റ്സിന്റെ സഹകരണത്തോടെ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ഫെമിന ജോർജ്ജ് നായികയാവുന്നു.കൈതി ഫെയിം ദീന,ആദ്യ,പത്മ ഗോപിക, നസീർ സംക്രാന്തി,ജയകുമാർ പിള്ള,സാജു കൊടിയൻ,കുദസ്സാനാഥ് കനകം,സഞ്ജു മധു,ഭൃഗു മോഹൻ,മിനി അരുൺ, രാമചന്ദ്രൻ നായർ,വിനോദ് സാഗർ എന്നിവരാണ് മറ്റു. പ്രമുഖ താരങ്ങൾ.പാപ്പിനു ഛായാഗ്രഹണം നിർവഹിക്കുന്നു.ജോൺ ജൂനിയർ വൺ,അഖിൽ മാളിയേക്കൽ,ഫഹദ്,ഉത്സവ് എന്നിവർ ചേർന്ന് തിരക്കഥ എഴുതുന്നു.ധന്യ സുരേഷ് മേനോൻ എഴുതിയ വരികൾക്ക് കാർത്തിക് രാജാ സംഗീതം പകരുന്നു.എഡിറ്റർശ്യാം ശശിധരൻ.പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ദിനേശ് ആർ നായർ,കല നിതിൻ എടപ്പാൾ,മേക്കപ്പ് ലാലു കൂട്ടലാട,വസ്ത്രാലങ്കാരം വൈശാഖ് സനൽ കുമാർ എസ് ആർ,സ്റ്റിൽസ് സന്തോഷ് വൈഡ് ആൻജൽസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ ടി കെ കൃഷ്ണകുമാർ, അസോസിയേറ്റ് ഡയറക്ടർ ജോസ് മോഹൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഇക്ബാൽ പാനായിക്കുളം, പ്രൊഡക്ഷൻ മാനേജർ സജയൻ ഉദയകുളങ്ങര, ശ്രീശൻ,പി ആർ ഒ എ എസ് ദിനേശ്.

# ജെൻഡർ പദവി പഠനം: പുസ്തകം പ്രകാശനം ചെയ്തു

**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതി പ്രകാരം (2022-23) ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവർണൻസ് കിലയുടെ പരിശീലനത്തോടെ വിവിധ ജെൻഡർ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നടത്തിയ ജെൻഡർ പദവി പഠനം എന്ന ഗവേഷണ പ്രവർത്തനം പുസ്തകമാക്കിയതിന്റെ പ്രകാശനം കൊച്ചി നഗരസഭ കൗൺസിൽ ഹാളിൽ വെച്ച് മേയർ അഡ്വ. എം അനിൽകുമാർ നിർവ്വഹിച്ചു. ഡെപ്യൂട്ടി മേയർ കെ.എ അൻസിയ ലോഗോ പ്രകാശനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബലാൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വനിത വികസന വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ ലൈലാ ദാസ് സ്വാഗതം ആശംസിച്ചു. പ്രോജക്ട് ഓഫീസർ നിസ വി



ഷയാവതരണം നടത്തി. കൗൺസിലർ ആഷിത യഹിയ, കില ഫാകൽറ്റി രാജേഷ് എന്നിവർ ആശംസകൾ അറിയിച്ചു. ജോയിൻറ് കോർപ്പറേഷൻ സെക്രട്ടറി ബിന്ദു വി.കെ നന്ദി രേഖപ്പെടുത്തി.

# ഡയബറ്റിക് ടേം പ്ലാൻ അവതരിപ്പിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ടൈപ്പ് 2 ഡയബറ്റിക്, പ്രീ ഡയബറ്റിക് വിഭാഗങ്ങളിൽ പെട്ടവർക്കായി ബജാജ് അലയൻസ് ലൈഫ് പ്രത്യേകമായ ടേം ഇൻഷൂറൻസ് പദ്ധതിയായ ഡയബറ്റിക് ടേം പ്ലാൻ സബ് 8 എച്ച്ബിഎ1സി അവതരിപ്പിച്ചു. ഈ വിഭാഗത്തിൽ പെട്ടവർക്കു പ്രത്യേകമായി ഏതെങ്കിലും ഒരു ഇന്ത്യൻ ലൈഫ് ഇൻഷൂറൻസ് കമ്പനി അവതരിപ്പിക്കുന്ന ഇത്തരത്തിലുള്ള ആദ്യ പരിരക്ഷാ പദ്ധതിയാണിത്. എട്ടു ശതമാനം വരെ എച്ച്ബിഎ1സി ഉള്ളവർക്ക് ഈ സമഗ്ര പദ്ധതി സാമ്പത്തിക പരിരക്ഷ ഉറപ്പു നൽകും. ആദ്യ ടേം ഇൻഷൂറൻസ് പദ്ധതി അവതരിപ്പിക്കുക വഴി ഉപഭോക്താക്കൾക്ക് തങ്ങളുടെ കുടുംബത്തിനായുള്ള ദീർഘകാല സാമ്പത്തിക പദ്ധതികൾ സുരക്ഷിതമാക്കാൻ അവസരം ലഭിക്കുകയും ആരോഗ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നവർക്ക് പോളിസി വാർഷികത്തിൽ പത്തു ശതമാനം പ്രീമിയം ഇളവും നൽകുമെന്ന് ബജാജ് അലയൻസ് ലൈഫ് മാനേജിങ് ഡയറക്ടറും സിഇഒയുമായി തരുൺ ചുഗ് പറഞ്ഞു.

# ബീറ്റ് ദ ഫ്യൂംസ്: തലസ്ഥാനത്ത് പുകയില വിരുദ്ധ ബുള്ളറ്റ് റാലി സംഘടിപ്പിച്ച് കിംസ്ഹെൽത്ത്

**തിരുവനന്തപുരം:** ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ബുള്ളറ്റ് റാലി സംഘടിപ്പിച്ച് തിരുവനന്തപുരം കിംസ്ഹെൽത്ത്. സംസ്ഥാന സർക്കാരിന്റെ വിമുക്തി മിഷനുമായി ചേർന്ന് സംഘടിപ്പിച്ച 'ബീറ്റ് ദ ഫ്യൂംസ്' ബുള്ളറ്റ് റാലി ജോയിന്റ് എക്സൈസ് കമ്മീഷണർ ഗോപകുമാർ ആർ ഫ്ലാഗ് ഓഫ് ചെയ്തു. 150 ഓളം റൈഡറുമാർ പങ്കെടുത്ത റാലിയിൽ ശ്വാസകോശ അർബുദം, ഹൃദ്രോഗം, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ എന്നിവയും പുകയിലയുടെ ഉപയോഗവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ചും റെസ്പിറേറ്ററി വിഭാഗം കൺസൽട്ടന്റ് ഡോ രോഹിത് എസ് അവബോധം നൽകി. കനകകുന്നിൽ നിന്ന് ആരംഭിച്ച് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് സ്റ്റാർട്ടിംഗ് പോയിന്റിൽ തന്നെയെത്തി അവസാനിച്ചു. പുകയില, പുകയിലജന്യരോഗങ്ങൾ വഴി ഒരു വർഷം ലോകത്തിൽ ശരാശരി എൺപത് ലക്ഷം പേർ മരിക്കുന്നുണ്ടെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നത്. ഇത്തരമൊരു ഗുരുതര സാഹചര്യത്തെ നേരിടാനായി പൊതുസമൂഹത്തിന്റെ പൂർണ പിന്തുണ ആവശ്യമാണെന്ന് റാലി ഉദ്ഘാടനം ചെയ്തുകൊണ്ട് ഗോപകുമാർ ആർ പറഞ്ഞു. വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിന് കടിഞ്ഞാണിടാൻ സർക്കാരിനോടൊപ്പം ഒന്നിച്ചുനിന്ന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് കിംസ്ഹെൽത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ.എം നജീബ് പറഞ്ഞു. ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കിംസ്ഹെൽത്ത് ഹെൽത്ത്കെയർ പ്രമോഷൻസ് ആൻഡ് റവന്യു സൈക്കിൾ മാനേജ്മെന്റ് ഗ്രൂപ്പ് ഹെഡ് വിനോദ് വൈ.ആർ, ഹെൽത്ത്കെയർ പ്രമോഷൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ അനിൽ പോൾ ജേക്കബ്, നാസർ കടയറ, അബ്ദുൾ അസീസ്, ഫൈസൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. കിംസ് കോളേജ് ഓഫ് നഴ്സിങ്ങിൽ നിന്നുള്ള മുപ്പതോളം വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ലാഷ് മോബും ബോധവൽക്കരണ റാലിയുടെ ഭാഗമായി നടന്നു. തിരുവനന്തപുരത്തും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ റോയൽ എൻഫീൽഡ് റൈഡിങ് ക്ലബ്ബുകളും റാലിയുടെ ഭാഗമായി.



## ടുബാക്കോ ഫ്രീ ക്യാംപസ് പ്രഖ്യാപനം

**തിരുവനന്തപുരം:** ലോക പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 14 ജില്ലകളിലേയും വൊക്കേഷണൽ വിദ്യാലയങ്ങളിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ റ്റുബാക്കോ ഫ്രീ ക്യാമ്പസ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പ്രഖ്യാപിക്കുന്നു. ആരോഗ്യ വകുപ്പ് എൻ.സി.ഡി സെല്ലുമായി സഹകരിച്ച് പ്രഖ്യാപനത്തിനു മുന്നോടിയായുള്ള ബോർഡുകൾ സ്ഥാപിക്കൽ അടക്കമുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ വി.എച്ച്.എസ്.ഇ എൻ.എസ്.എസ് കഴിഞ്ഞ ദിവസങ്ങളിൽ നടന്നു വന്ന ഓറിയെന്റേഷൻ ക്യാമ്പുകളിൽ നിർവ്വഹിച്ചു. ക്യാമ്പുകളുടെ ഉദ്ഘാടനം മെയ് 27ന് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർവ്വഹിച്ചിരുന്നു.വി.എച്ച്.എസ്.ഇ എൻ.എസ്.എസ് യൂണിറ്റുകളുള്ള മുഴുവൻ യൂണിറ്റുകളിലും നാളെ പ്രവേശനോത്സവ വേദിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ക്യാമ്പസ് പുകയില വിമുക്ത ക്യാമ്പസ് ആയി പ്രഖ്യാപിക്കും. സ്കൂൾ പരിസര നിരത്തുകളിൽ യെല്ലോ ലൈൻ ക്യാമ്പയിൻ, ഷോപ്പുകളിൽ സ്റ്റിക്കർ പതിപ്പിച്ചുള്ള പ്രചരണം, ക്യാമ്പസ് വാഷ് ഏര്യകളിൽ മെസേജ് മിറർ സ്ഥാപിക്കൽ തുടങ്ങിയ അനുബന്ധ പ്രചരണ പ്രവർത്തനങ്ങൾ കഴിഞ്ഞ നാലു വർഷമായി നടപ്പാക്കിയതിനു തുടർച്ചയാണ് ഇക്കുറി അദ്ധ്യയന വർഷാരംഭത്തിൽ പുകയില ഉപയോഗ വിമുക്ത ക്യാമ്പസ് ആയുള്ള പ്രഖ്യാപനം.

# ഡിപി വേൾഡ് മിഡിൽ ഈസ്റ്റിലേക്ക് പുതിയ പ്രതിവാര സർവീസ് ആരംഭിച്ചു



**കൊച്ചി:** ഇന്ത്യയും മിഡിൽ ഈസ്റ്റും തമ്മിലുള്ള വ്യാപാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഡിപി വേൾഡ് കൊച്ചിയിലെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനിൽ നിന്നും പുതിയ പ്രതിവാര സർവീസ് ആരംഭിച്ചു.യൂണിഫീഡർ ഗ്രൂപ്പ് ആരംഭിക്കുന്ന പുതിയ 2407 ടിഇയു ശേഷിയുള്ള സർവീസിലൂടെ മിഡിൽ ഈസ്റ്റും കൊച്ചിയും തമ്മിലുള്ള കണക്റ്റിവിറ്റി വർധിക്കും. പുതിയ സർവീസ് ചെന്നൈ, കൃഷ്ണപട്ടണം, വിശാഖപട്ടണം, തൂത്തുക്കുടി, കണ്ട്ല, കറാച്ചി, ജബൽ അലി എന്നീ തുറമുഖങ്ങളിലൂടെ പരിധിയില്ലാത്ത കണക്റ്റിവിറ്റി പ്രദാനം ചെയ്യും. 2407 ടിഇയു ശേഷിയുള്ള കപ്പൽ യാത്രാ സമയം ചുരുക്കുകയും പ്രവർത്തന ശേഷി വർധിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം വ്യാപാരങ്ങളെ ആഗോള മാർക്കറ്റുമായി ബന്ധിപ്പിക്കുകയും ചെയ്യും.മൾട്ടിമോഡൽ കണക്റ്റിവിറ്റിയും മിഡിൽ ഈസ്റ്റിലേക്കുള്ള നാലാമത്തെ ഡയറക്ട് സർവീസുമായ പിഐഎസി 2 സേവനവും, ഡിപി വേൾഡ് കൊച്ചിയെ തടസ്സങ്ങളില്ലാത്ത ഗതാഗതത്തിനുള്ള ഗേറ്റ്വേ ആയി നിലകൊള്ളുന്നതിനൊപ്പം ചരക്കുകളുടെ ഗതാഗതത്തിൽ വിപ്ലവം സൃഷ്ടിക്കുകയും കൂടുതൽ വ്യാപാര കാര്യക്ഷമത സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് ഡിപി വേൾഡ് കൊച്ചി സിഇഒ പ്രവീൺ ജോസഫ് പറഞ്ഞു. ഇന്ത്യയിലും പുറത്തും വ്യാപാരത്തിന്റെയും ലോജിസ്റ്റിക്സിന്റെയും ഭാവി രൂപപ്പെടുത്തുന്നതിലേക്ക് ഡിപി വേൾഡ് കൊച്ചി ഗണ്യമായ മുന്നേറ്റം നടത്തുകയാണെന്നും പ്രവീൺ ജോസഫ് പറഞ്ഞു. ഫെബ്രുവരി 2022നകം പോസ്റ്റ് പരാമാക്സ് കപ്പലുകളെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർധിപ്പിക്കാനായി പോർട്ട് ടെർമിനലിന് സാധിച്ചു. 2011ൽ പ്രവർത്തനം ആരംഭിച്ചതിന് ശേഷം ആറ് മില്യൺ ടിഇയു വിജയകരമായി കൈകാര്യം ചെയ്തത് സുപ്രധാന ചുവടുവെപ്പായി മാറി.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663